**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** | **11-10-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് സ്വകാര്യ കമ്പനിക്ക് കരാർ നൽകുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ETM (Electronic Ticketing Machine) മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ നാഷണൽ കോമൺ മൊബിലിറ്റി കാർഡുകൾ (NCMC) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലവിൽ ഉപയോഗിച്ച് വരുന്ന ETM (Electronic Ticketing Machine) മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനവുമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ക്ലോസ്ഡ്ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ, ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല.<br><br>NCMC (National Common Mobility Card) കാർഡുകൾ നിലവിലെ ETM (Electronic Ticketing Machine) മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല.<br><br>കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് ഒരു ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഉപയോഗിക്കാൻ തീരുമാനിച്ചത്. |

ആയതിന്റെ അടിസ്ഥാനത്തിൽ E-tender ക്ഷണിക്കുകയും അതിൽ L1 ആയി വന്ന M/s. Chalo mobility Pvt. Ltd. എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം നൽകാൻ സാധിക്കും. ബസുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും യാത്രാ പാസുകളും, UPI (Unified Payment Interface) പേയ്മെന്റ്, കാർഡ് പേയ്മെന്റ്, നെറ്റ് ബാങ്കിംഗ് പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC (National Common Mobility Card) കാർഡ് / closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാണ്.

ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. സിസ്റ്റം (Automatic Fare Collection System), ദൈനംദിന സെറ്റിൽമെന്റിനായി ഓട്ടോമാറ്റിക് സിങ്കിങ്, റൂട്ട്, ദിവസം, സമയം, ബസ് മുതലായവ പ്രകാരം തത്സമയ ഓൺലൈൻ റിപ്പോർട്ടുകൾ, പ്രതിദിന ഷെഡ്യൂളിംഗും ഡ്യൂട്ടി പ്ലാനിങ്ങും ലഭ്യമാക്കുവാൻ സാധിക്കും. ബസ്സിൽ എത്ര തിരക്കുണ്ടെന്നും Live passenger indicator മുഖേനെ യാത്രക്കാർക്ക് അറിയാൻ സാധിക്കും. ആവശ്യമായ ആനുകാലികതയ്ക്കും (പ്രതിദിനം, പ്രതിവാരം, പ്രതിമാസം, പ്രതിവർഷം), വാഹനം / ഡിപ്പോ തിരിച്ചുള്ള എ.എഫ്.സി.എസ്.മായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ (റൈഡർഷിപ്പ് റിപ്പോർട്ട്, ടിക്കറ്റിംഗ് റിപ്പോർട്ട്, ക്യാഷ് റിക്കൺസിലിയേഷൻ) തുടങ്ങിയ MIS (Management Information System) റിപ്പോർട്ടുകൾ ലഭ്യമാകും.

കെ.എസ്.ആർ.ടി.സി. ആവശ്യങ്ങൾക്കനുസരിച്ച് ഇഷ്ടാനുസൃതമായ റിപ്പോർട്ടുകൾ നൽകാൻ

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുന്നതിലൂടെ സാധിക്കും. |
| (ബി) | കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന ടിക്കറ്റ് മെഷീനുകൾ എന്തു തുക ചെലവഴിച്ചാണ് വാങ്ങിയത്; ഇതിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്; പ്രവർത്തനക്ഷമമല്ലാത്ത മെഷീനുകളുടെ തകരാർ പരിഹരിക്കാമെന്നു ബന്ധപ്പെട്ട കമ്പനി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഒരു ടിക്കറ്റ് മെഷീനിന്റെ അന്തിമ വില 9233.50/- രൂപയാണ്.<br><br>5500 ETM (Electronic Ticketing Machine) മെഷീനുകൾ വാങ്ങിയതിൽ 5200 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. 300 മെഷീനുകൾ താൽക്കാലികമായി തകരാറായി ഐ.ടി. ഡിവിഷനിൽ ലഭിക്കുകയും ടി വിവരം കമ്പനി അധികൃതരെ അറിയിക്കുകയും ഇവ ശരിയാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | രണ്ടുവർഷം കൂടി മെയിന്റനൻസ് കരാർ കാലാവധിയുള്ള നിലവിലെ ടിക്കറ്റ് മെഷീനുകൾ മാറ്റി പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. ETM (Electronic Ticketing Machine) മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC (National Common Mobility Card) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുയോജ്യമായ ടിക്കറ്റിംഗ് മെഷീനുകൾ സൊല്യൂഷന്റെ ഭാഗമായിട്ട് ലഭ്യമാക്കുന്നതാണ്.<br><br>നിലവിൽ ഉപയോഗിച്ച് വരുന്ന ETM (Electronic Ticketing Machine) മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ക്ലോസ്ഡ്ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ, ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല. NCMC (National Common Mobility Card) കാർഡുകൾ നിലവിലെ ETM (Electronic Ticketing Machine) മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിംഗ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ